കുറവുണ്ടാക്കുക, സംസ്ഥാനങ്ങൾ യഥാസമയം പദ്ധതിരേഖ സമർപ്പിക്കാതിരിക്കുക, ആസൂത്രണ കമ്മീഷന്റെ എല്ലാക്കാലങ്ങളിലുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതിരിക്കുക തുടങ്ങിയ സാഹചര്യങ്ങളിൽ കേന്ദ്ര ആസൂത്രണ കമ്മീഷന്റെ ബന്ധപ്പെട്ട ഉപദേഷ്ടാവിന്റെ നിർദ്ദേശമനുസരിച്ചായിരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഈ രീതി നിലവിലുള്ള 'ബ്ലോക്ക് അസിസ്റ്റൻസ്' സമ്പ്രദായത്തിനു വിരുദ്ധമാണ്.

(ബി) മേൽ സൂചിപ്പിച്ചതുപോലെ കേന്ദ്ര ആസൂത്രണ കമ്മീഷൻ സെക്രട്ടറിയിൽനിന്നുള്ള അറിയിപ്പാണ് ലഭിച്ചിട്ടുള്ളത്.

(സി) പദ്ധതി നിർവ്വഹണത്തിനാവശ്യമായ ധന ലഭ്യതയേയും വികസന പ്രക്രിയയേയും പ്രതികൂലമായി ബാധിക്കുന്ന ഈ നിർദ്ദേശങ്ങൾ പുനഃപരിശോധിക്കണമെന്നും നിലവിലുള്ള രീതിയിൽ മാറ്റം വരുത്തുമ്പോൾ നാഷണൽ ഡെവലപ്മെന്റ് കൗൺസിലിലും ഇന്റർ സ്റ്റേറ്റ് കൗൺസിലിലും ചർച്ച ചെയ്തുവേണം തീരുമാനമെടുക്കേണ്ടതെന്നും ആസൂത്രണ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഇത്തരമൊരു മാറ്റം സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളിൽ ഉളവാക്കാനിടയുള്ള പ്രത്യാഘാതങ്ങൾ പ്രധാനമന്ത്രിയുടേയും രാഷ്ട്രപതിയുടേയും ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുണ്ട്.

23 (647) എണ്ണ പര്യവേഷണം

<u>ശ്രീ. ബാബു ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ തീരത്ത് വൻതോതിൽ എണ്ണ പര്യവേഷണം നടത്താൻ ഓയിൽ ആന്റ് നാചറൽ ഗ്യാസ് കമ്മീഷന് ഉദ്ദേശമുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് എണ്ണ പര്യവേഷണം നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം-കൊല്ലം തീരപ്രദേശങ്ങളിൽ 6,200 ച:കിലോ മീറ്ററിൽ വൻതോതിൽ എണ്ണ നിക്ഷേപമുള്ളതായി കേന്ദ്ര എണ്ണ പര്യവേഷണ സംഘം കണ്ടെത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ എണ്ണ നിക്ഷേപമുള്ള കൂടുതൽ പ്രദേശങ്ങൾ കണ്ടെത്തി എണ്ണ ഖനനം ആരംഭിക്കുവാൻ കേന്ദ്ര ഗവൺമെന്റിനെ പ്രേരിപ്പിക്കാൻ കേരള സർക്കാർ ശ്രമിക്കുമോ?

<u>ഉത്തരം</u>

(എ)-(ഡി) വിവരം ശേഖരിച്ചു വരുന്നു.

24 (648) അനെർട്ടിനുവേണ്ടി റഫ്രിജറേറ്റർ വാങ്ങുന്നതിനുള്ള കരാർ

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) 35/96 നമ്പർ പർച്ചേയ്സ് ഓർഡർ പ്രകാരം 50 ലിറ്റർ എസ്.പി.വി. റഫ്രിജറേറ്റർ വാങ്ങാൻ സോളാരിസിസ് കമ്പനിയ്ക്ക് അനെർട്ട് കരാർ നൽകിയിരുന്നോ;

(ബി) ഈ ഓർഡർ പ്രകാരം എത്ര എണ്ണം സപ്ലൈ ചെയ്തു എന്നും വെളിപ്പെടുത്തുമോ;

(സി) ഈ റഫ്രിജറേറ്ററുകൾ ബേൺടെസ്റ്റിൽ നിലവാരം പുലർത്തിയോ;

(ഡി) അനെർട്ടിന്റെ സയന്റിസ്റ്റുകൾ ഫാക്ടറിയിൽവച്ച് ഇവ ടെസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഇ) ടെസ്റ്റ് ചെയ്തതിന്റെ ഫലം എന്താണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) കരാർ പ്രകാരം എല്ലാ റഫ്രിജറേറ്ററും സപ്ലൈ ചെയ്തിട്ടുണ്ടോ; ഓരോന്നിന്റെയും വില എത്രയാണ്;

(ജി) ഇല്ലെങ്കിൽ കമ്പനിക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)-(ജി) ചോദ്യം ഉദിയ്ക്കുന്നില്ല.

25 (649) വിദേശ മലയാളികൾക്കുള്ള താമസസൗകര്യം

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ മലയാളികൾ കേരളത്തിലെത്തുമ്പോൾ താമസ സൗകര്യം നൽകുന്നതിനുവേണ്ടി വിമാനത്താവളങ്ങളോടനുബന്ധിച്ച് ഗസ്റ്റ് ഹൗസ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ പണി എപ്പോഴത്തേയ്ക്ക് ആരംഭിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) ഇത്തരം ഗസ്റ്റ് ഹൗസുകൾ തുടങ്ങാനുള്ള സാദ്ധ്യതകൾ പരിശോധിച്ചു വരുന്നു.

26 (650) ഔദ്യോഗിക ഭാഷ മലയാളമാക്കിയ നടപടി

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly